"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിലും തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിലും ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എ യുടെ ആഭിമുഖ്യത്തിൽ ലൈഫ് ഗുണഭോക്താക്കൾക്കായി " ലയൺസ് - ലൈഫ് വില്ലേജ് " നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2141/2024/LSGD തീയതി,തിരുവനന്തപുരം, 08-11-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം.320/2024/ തസ്വഭവ തീയതി 08/02/2024
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷന്റെ 23/08/2024 ലെ എൽ.എം5/1610/23 നമ്പർ കത്ത്.
3. സ.ഉ(സാധാ) നം.1964/2024/ തസ്വഭവ തീയതി 17/10/2024

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്ത്, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് എന്നിവയിൽ ഭൂമിയുടെ ഉടമസ്ഥത ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിലനിർത്തി കൊണ്ട് ലയൺസ് ക്ലബ് ഡിസ്ട്രിക്ട് 318A, യുടെ ആഭിമുഖ്യത്തിൽ ലൈഫ് ഗുണഭോക്താക്കൾക്കായി, MoU ലെ വ്യവസ്ഥകൾ ക്കുവിധേയമായി, ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, പരാമർശം 3 പ്രകാരം " ലയൺസ്- ലൈഫ് വില്ലേജ് ' ന്റെ പ്രത്യേകം തയ്യാറാക്കിയ 3 MoU കൾ അംഗീകരിച്ച് നൽകുകയും ചെയ്തിരുന്നു.

2. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയുടെ അധീനതയിലുള്ള പരവൂർ വില്ലേജിലെ 20/11, 20/11-3, 20/18 റീസർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ചെമ്മരുതി വില്ലേജിലെ ബ്ലോക്ക് 21 ൽ റീ-സർവ്വേ 18/4 ൽ ഉൾപ്പെട്ട സ്ഥലത്ത് 10 ഭവനങ്ങളും ഒരു കോമൺ അമിനിറ്റി സെന്ററും കൂടി "ലയൺസ് - ലൈഫ് വില്ലേജ്" പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് അനുമതി

നൽകണമെന്ന് പരാമർശം 2 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരവൂർ നഗരസഭയുടെ അധീനതയിലുള്ള പരവൂർ വില്ലേജിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ചെമ്മരുതി വില്ലേജിൽ 10 ഭവനങ്ങളും ഒരു കോമൺ അമിനിറ്റി സെന്ററും ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എ യുടെ ആഭിമുഖ്യത്തിൽ " ലയൺസ് - ലൈഫ് വില്ലേജ് " പദ്ധതിയുടെ ഭാഗമായി MoU ലെ വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ശ്രീ.എം.എ വഹാബ്, ഫസ്റ്റ് വൈസ് ഡിസ്ട്രിക്ക് ഗവണർ, ലയൺസ് ക്ലബ് മെർസാജ് ARA 17 ദേവസം ബോർഡ് , YMR തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 08-11-2024 16:55:08
സെക്ഷൻ ഓഫീസർ